മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

സി.എസ്.എസ്. ഉപദേശക സമിതി യോഗത്തിന്റെ ശിപാർശകൾ ബഹു: വൈസ് ചാൻസലർ അംഗീകരിച്ചത് ഉത്തരവായി പുറപ്പെടുവിക്കുന്നു.

അക്കാദമിക് എV വിഭാഗം

സ.ഉ.നം. 6914/എസിഎ5/1/സിഎസ്എസ്/2018/അക്കാദമിക് പി.ഡി. ഹിൽസ്, തീയതി: 24/09/2018

പരാമർശം:- 1) 24/07/2018 തീയതിയിൽ കൂടിയ സിഎസ്എസ് ഉപദേശക സമിതി യോഗം മിനുട്സ്.

**ഉത്തരവ്**

സി.എസ്.എസ്. ഉപദേശക സമിതി യോഗം പ്രോ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടി പരാമർശം (1) പ്രകാരം താഴെപ്പറയുന്ന ശിപാർശകൾ കൈക്കൊണ്ടു.

i. സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടന്നുവരുന്ന എം.എഡ്. പ്രോഗ്രാമിന്റെ കാലാവധി 2015 മുതൽ രണ്ടു വർഷമായി വർദ്ധിപ്പിച്ചതിനാൽ രണ്ടു വർഷ കാലാവധി യുള്ള ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾ സംബന്ധിച്ച് 28/09/2016-ന് പ്രാബല്യത്തിൽ വന്ന പുതുക്കിയ സി.എസ്.എസ്. റെഗുലേഷൻസ് (2016 അഡ്മിഷൻ മുതൽ പ്രാബല്യം) നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്കും, നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേ ഷൻ നിബന്ധനകൾക്കും വിധേയമായി ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് വകുപ്പ് മേധാവിയെ ചുമതലപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

ii. സർവ്വകലാശാല സ്കൂളുകളിലെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച് ഉയർന്നു വരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരം കാണുന്നതിലേക്ക് സർവ്വകലാശാല വകുപ്പ് മേധാവികൾ, ഐ.ക്യു.എ.സി. ഡയറക്ടർ, സി.എസ്.എസ് കൺവീനർ, ക്യാപ്, അക്കാദമിക് വിഭാഗങ്ങളിലെ ഉത്തരവാദപ്പെട്ട ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി വിശദമായ ചർച്ചകൾക്കും ആലോചനകൾക്കുമായി അടിയന്തിര മായി യോഗം വിളിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

iii. സി.എസ്.എസ്. അഡ്വൈസറി കമ്മിറ്റി മീറ്റിംഗ് ഒരു അക്കാദമിക് പ്രവർത്തനമാകയാൽ സി.എസ്.എസ്. അഡ്വൈസറി കമ്മിറ്റി മീറ്റിംഗ് നടത്തിപ്പിന്റെ ചുമതല പരീക്ഷാവിഭാഗ ത്തിൽ നിന്നും മാറ്റി അക്കാദമിക് വിഭാഗത്തെ ഏൽപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി ഏകകണ്ഠമായി അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദനുസരണം തീരുമാന മെടുക്കുന്നതിലേക്ക് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മേൽ ശിപാർശകൾ വൈസ് ചാൻസലർ 23/08/2018 തീയതിയിൽ അംഗീകരിച്ചു.

മേൽ പരാമർശിച്ച ശിപാർശ പ്രകാരം, സി.എസ്.എസ്. അക്കാദമിക് അഡ്വൈസറി കമ്മിറ്റി യുടെ നടത്തിപ്പ് ചുമതല എസി.എ5 സെക്ഷനെ ഏൽപ്പിച്ച് രജിസ്ട്രാർ 18/09/2018 തീയതിയിൽ ഉത്തരവായിരിക്കുന്നു.

(മറുപുറം)

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ദിലീപ് കുമാർ ആർ.
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1. എല്ലാ വകുപ്പ് മേധാവിമാർക്കും
2. സി.എസ്.എസ്. കൺവീനർ/ ഐ ക്യൂ എ സി ഡയറക്ടർ
3. വൈസ് ചാൻസിലറുടെ /പ്രൊ വൈസ് ചാൻസിലറുടെ പി.എസ്.
4. രജിസ്ട്രാറുടെ പി.എ./എക്സാം കൺട്രോളറുടെ പി.എ./ഫിനാൻസ് ഓഫീസറുടെ പി.എ.
5. ജെ. ആർ. II/ഡി. ആർ II/എ.ആർ III (അക്കാദമിക്)
6. എ.ആർ. (CAP)
7. സി.എസ്.എസ്./എസി എ I/എസി എ 12/എസി എ 3/എസി എ 9/എസി ഡി/എസി എ IV
8. എസി ബി 6/എസി ബി 7 (തുടർനടപടികൾക്കായി)
9. കണ്ടന്റ് മാനേജ്മെന്റ് വിഭാഗം/ഐ ക്യൂ എ സി
10. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No. AcAV/1/2086/2016